Little KITEs
E-Magazine

# DOUBLE CLICK




അറിവിന്റെ അനന്തതയിലേക്ക്
ഡബിൾ ക്ലിക്ക്

## ഗവ.ഗേൾസ്.ഹയർ.സെക്കന്ററി.സ്കൂൾ
## പെരുമ്പാവൂർ

ഡബിൾ ക്ലിക്ക്

# സമർപ്പണം

# സരസ്വതി വന്ദനം

സരസ്വതി നമസ്തുഭ്യം

വരദേകാമരൂപിണി

വിദ്യാരംഭംകരിഷ്യാമി

**സിദ്ധിർഭവതുമേസദാ**



# ആശംസ

ശാസത്ര സാങ്കേതിക വിദ്യ അനുനിമിഷം വളർന്നു കൊണ്ടിരിക്കുന്ന ഈ നിമിഷങ്ങളിൽ കുട്ടികളിലെ സർഗ്ഗ ശക്തിയുടെ ഉത്തമ സ്സരണമായ ഡിജിറ്റൽമാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു.

.

രാജു.സി. കെ.

ഹെഡ്മാസ്റ്റർ

# ആശംസ

വിവര സാങ്കേതിക വിദ്യയുടെ ഉന്നതങ്ങളിലേയ്ക്ക് പറന്നുയരുന്ന കുരുന്നുകൾക്ക് ആശംസകൾ

കൈറ്റ് മിസ്ട്രസ്സ്

ജീന &അനിത



# എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ

- അനിത. ജി
- ജീന പീറ്റർ
- ആദില തസ്ലിൻ . എ. എം
- ആദിത്യ. പി. ഷനിൽ
- തസ്നി ബീരാസ്
- രഹന ജലാൽ
- റന നാസർ
- സഫ. എം. എസ്

# ഉള്ളടക്കം


- കവിതകൾ
- കഥകൾ
- ക്വിസ്
- കടങ്കഥകൾ
- ചിന്താശകലം
- ജീവചരിത്രം
- വിദ്യാലയ ഓർമ
- സമയവും അളവും
- അക്ഷരചക്രം


ഏടുകളിലൂടെ.................

# പെരുമ്പാവൂരിന്റെ പെൺപെരുമ

# പള്ളിക്കൂടം



# • എഡിറ്റോറിയൽ

മണ്ണിലെഴുത്തിൽനിന്നും, കടലാസിലേക്കും. അവിടെ നിന്ന് കമ്പ്യൂട്ടറിലേയ്ക്കും, വഴിമാറി ഇന്ന് ഡിജിറ്റൽ സാങ്കതിക വിദ്യയുടെ ഉത്തുംഗ ശൃംഗത്തിലേയ്ക്ക് നമ്മളെ മാടി വിളിക്കുന്ന ഇന്നിന്റെ എഴുത്തുകൾ.....


കാലത്തിന്റെ ഈ വിളിയെ നമുക്ക് കേൾക്കാതിരിക്കാനാകില്ല. സർഗാത്മകമനസുകൾ ഈ അനന്ത്യസാധ്യതയിലേയ്ക്ക് വഴിമാറുക. ഏതു രീതിയിൽ നിന്നും, വായനയുടെ, എഴുത്തിന്റെ, നന്മയുടെ ലോകത്ത് എത്തുക എന്നത് നിയോഗമാണ്.

പക്ഷെ, ഇവിടെ പൂത്തുവിടരേണ്ടത് മാനവ നന്മമാത്രം. ആ സംഗീതമാണ് ഇതിന്റെ കലയും. ഡിജിറ്റിൽ വായന പുതിയ കാലത്തിന്റെ അനായാസ വായനയായ് മാറട്ടെ. ഡിജിറ്റൽ വായന സ്വാഭാവികമാകുമ്പോൾ, ഈ പ്രകൃതിയും രക്ഷപെടട്ടെ. കാട്ടുമുളകൾ കടലാസിന് വേണ്ടി വെട്ടിമുറിക്കപ്പെടാതിരിക്കട്ടെ

***എം . കെ വിശ്വംഭരൻ***

***മലയാളം അധ്യാപകൻ***

ഡബിൾ ക്ലിക്ക്




1. മൂന്നുവശവും ബംഗ്ലാദേശിനാൽ ചുറ്റപ്പെട്ട ഇന്ത്യൻ സംസ്ഥാനം
2. ഇത് കർഷകന്റെ മിത്രം എന്നറിയപ്പെടുന്നു

3. നമ്മുടെ ദേശീയ പുഷ്പം

4. നിലവിലുള്ള 14-ാം നിയമ സഭയിലേക്ക് ഉപതെരഞ്ഞെടുപ്പ് നടന്ന നിയോജകമണ്ഡലം

5. പണ്ഡ്യ രാജവംശത്തിന്റെ ആസ്ഥാനമായിരുന്ന നഗരം

6. കേരളത്തിൽ കൃഷി ചെയ്യുന്ന ഔഷധഗുണമുള്ള ഒരിനം നെല്ല്

7. സവാരി ചെയ്യുന്നതിനുപകരിക്കുന്ന ഒരു മൃഗം

8. നവധാന്യങ്ങളിലൊന്ന്

9. അഭിമന്യുവിന്റെ ഭാര്യ


10. അശ്വതി മുതൽ രേവതി വരെയുള്ള 27 നക്ഷത്രങ്ങിവൽ ഒന്ന്

11. കേരളത്തിൽ IISER ന്റെ സ്ഥിരം ക്യാമ്പസ് ഇന്ത്യൻ ഇൻസ്റ്റിറ്റൂട്ട് ഒഫ് സയൻസ് എഡ്യൂ ക്കേഷൻ ആൻഡ് റിസർച്ച്

*12. ആഹാരം പൂർണ്ണമായി ത്യജിച്ച് ഉപവാസത്തിലൂടെ ജൈനമത വിശ്വസികൾ മരണത്തെ വരിക്കുന്ന ആചാരം*

# ഉത്തരം

1. ത്രിപുര
2. മണ്ണിര
3. താമര
4. വേങ്ങര
5. മധുര
6. ഞവര
7. കുതിര
8. മുതിര
9. ഉത്തര
10. ചിത്തിര
11. വിദുര
12. *സന്തര*


”“ദശപുത്രോസമോവാപി
ദശവാപി   സമോഹൃത:
ദശഹൃത സമോമാത :
ദശമാതൃ  സമദാരു :

# I.T Quiz

## QUESTIONS

1. Wifi was introduced in which year ?
2. Who is the founder of bluetooth?
3. Which keyboard layout is used to type Indian language?
4. Inkscape graphic editor ഉപയോഗിച്ച് ഉണ്ടാക്കുന്ന image?
5. Wifi access ഉണ്ടെങ്കിൽ visa card ഉപയോഗിച്ച് പണമിടപാട് നടത്തുന്ന രീതി
6. Full form of SVG?
7. K TOUCH -ഏത് തരം software ആണ്?
8. Two type of orientation in page style of Libre office writer?
9. കേരള സർക്കാർ LP വിഭാഗത്തിനായി തയ്യാറാക്കിയ IT പുസ്തകത്തിന്റെ പേര്?
10. Who is the founder of Free software?
11. Full form of URL?

# ANSWER

1. 19992. Ericson
3. Inscript
4. Vector images
5. Radio frequency Identification(RFID)
6. Scalable vector graphics
7. Typing Tutor
8. a. Portrait
   b. Landscape
9. kallipetti
10. Rechard stallman
11. Uniform Resource Locator

# ആശംസ

അറിവിന്റെ അനന്തവിഹായസ്സിലേക്ക് പറന്നുയരുന്ന നമ്മുടെ ചുണക്കുട്ടികൾ ....
വീണ്ടും ഒരു കൊടുമുടിക്കൂടി കീഴടക്കിയിരിക്കുന്നു ഇൻഫർമേഷൻ ടെക്നോളജിയിൽ ഒരു പുതു അദ്ധ്യായം രചിച്ചിരിക്കുന്ന നമ്മുടെ സുന്ദരിക്കുട്ടികൾക്ക്,ഒരിടത്തും നമ്മൾ പുറകിലല്ല എന്ന് വീണ്ടും വീണ്ടും തെളിയിക്കാൻ കഴിയട്ടെ. എന്ന് മനസ്സ് നിറഞ്ഞ് ആശംസിക്കുന്നു

***പ്രീത ടീച്ചർ***

# തേൻവരിക്ക

## കഥാ നിരൂപണം

കഥ കാലാതിവർത്തിയായിത്തീരുന്ന അനുഭവമാണ് നാരായന്റെ തേൻവരിക്ക എന്ന കഥ പരിസ്ഥിതി എന്ന വിഷയം എക്കാലത്തും പ്രസക്തമായ പ്രത്യേകിച്ച് പരിസ്ഥിതിനാശം ഒരു വിപത്തായി തീർന്നിരിക്കുന്ന വർത്തമാനകാലത്ത് അതിനെതിരെ പ്രവർത്തിക്കാൻ ആഖ്യാനം ചെയ്യുന്ന ഈ കഥ. തലമുറകളായി പരിപാലിച്ചു പോരുന്ന പ്ലാവിനെ വെട്ടുന്നതും അതിനു ശേഷമുണ്ടാകുന്ന പരിസ്ഥിതിനാശവുമാണ് കഥയുടെ പ്രമേയം.

കഥയെ രണ്ടായി തിരിക്കാം പ്ലാവ് ഉണ്ടായിരുന്ന കാലത്തെ നന്മകളുംപ്ലാവ് ഇല്ലാതായിതീർന്നപ്പോഴുണ്ടായമാറ്റങ്ങളുംആദ്യത്തേത് നൻമയുടെയും രണ്ടാമത്തേത് നാശത്തിന്റേയും. പ്രകൃതിയുടെ രണ്ടവസ്ഥാവിശേഷങ്ങളാണിത്.

കഥയുടെ ഭാഷ ലളിതമാണ് ഒറ്റ വായനയിൽ തന്നെ കഥ മനസ്സിൽ പതിയുന്നു.ഒപ്പം ലളിതമായ ശൈലിയും നാട്ടിൻപുറത്തുകാരനായ ഗ്രാമീണന്റെ സംഭാഷണ രീതിയാണ് അയ്യപ്പന്റേത്.നിരക്ഷരനെങ്കിലും ലോകവിവരമുള്ളയാൾ. മണ്ണിനേയും മരത്തിനേയും അറിയുന്നവൻ ആ നന്മയാണ് അയാളുടെ കൈമുതൽ.വർത്തമാനകാലത്ത് കൈമോശം വന്നതും ആ നന്മയാണ്. അത് തിരിച്ചുപിടിക്കാനുള്ള സ്നേഹനിർഭരമായ ശാസനയാണ് അയ്യപ്പൻ സുരേന്ദ്രനടക്കമുള്ള ലോകത്തിനു

നൽകുന്നത്.

വരിക്കപ്ലാവിനെ ചുറ്റിപ്പറ്റിയുള്ള കഥയാണിത്.പ്ലാവിന്റെ നാശം ഈ കാലത്തിലേയ്ക്കും വർത്തമാനകാലത്തിലേയ്ക്കും വായനക്കാരെ കൂട്ടിക്കൊണ്ടു പോകുന്നു. ചരിത്രവും വർത്തമാനവും ഇടകലർന്ന കഥ. ഭാവിയെക്കുറിച്ച് ചിന്തിക്കാൻ പ്രേരിപ്പിക്കുന്ന കഥാകൃത്തിന്റെ നേരിട്ടുള്ള വിവരണങ്ങളിലൂടെയാണ് കഥ മുന്നോട്ടു പോകുന്നത്.രണ്ടു ധ്രുവങ്ങളിൽ നിൽക്കുന്ന രണ്ടു തരം ശീലവും അഭിരുചിയും ചിന്തയും ആദർശവുമുള്ള സംഘർഷഭരിതരായ കഥാപാത്രങ്ങളാണ് അയ്യപ്പനും സുരേന്ദ്രനും. എന്നും ഓർമ്മയിൽ സൂക്ഷിക്കാൻ പറ്റുന്ന കഥയാണിത്. പ്രകൃതിക്കു മേലുള്ള കടന്നുകയറ്റം നിലനിൽക്കുന്ന കാലത്തോളം ഈ കഥ നമ്മേ ചിന്തിപ്പിച്ചു കൊണ്ടേയിരിക്കും.

*ഗോപിക*

# തൂലികാനാമങ്ങൾ

| | |
|---|---|
| ജീ. | :ജീ ശങ്കരക്കുറുപ്പ് |
| പാറപ്പുറം | : കെ.ഇ.മത്തായി |
| ഉറൂബ് | :പി.സി.കുട്ടികൃഷ്ണൻ |
| വിലാസിനി | :എം.കെ.മേനോൻ |
| മാലി | :പി മാധവൻ നായർ |
| കോവിലൻ | :വി.വി.അയ്യപ്പൻ |



# എൻ.എൻ.കക്കാട്

(1927-1987)


കക്കാട് നാരായണൻ നമ്പൂതിരി കോഴിക്കോട് ജില്ലയിലെ അവിട്ടനല്ലൂരിൽ ജനിച്ചു. കൃതികൾ:ശലഭഗീതം ആയിരത്തിത്തൊള്ളായിരത്തി അറുപത്തി മൂന്ന്, പാതാളത്തിന്റെമുഴക്കംകവിത,വജ്രകുണ്ഡലം ,ഇതാആശമുഗംകൊല്ല്,സഫലമീയാത്ര,പകലറുതിക്കുമുമ്പ്, നാടൻചിന്തുകൾ,കവിതയും പാരമ്പര്യവും, അവലോകനം.കേരളം സാഹിത്യ അക്കാദമി അവാർഡ്,വയലാർ അവാർഡ്,ഓടക്കുഴൽ അവാർഡ്, ആശാൻ പുരസ്കാരം,കുമാരനാശാൻ സ്മാരക അവാർഡ് എന്നിവ ലഭിച്ചു.1987 ൽ നിര്യാതനായി.

റെന നാസർ



# എന്റെ ഭൂമി

*കവിത*



എത്ര സുന്ദരമെന്റെ ഭൂമി
പ്രകൃതിയാൽ സുന്ദരമെന്റെ ഭൂമി
സമുദ്രങ്ങളാൽ നിറഞ്ഞ എന്റെ ഭൂമഎത്ര
സുന്ദരമെന്റെ ഭൂമി
ആകാശവീക്ഷണത്തിൽ നീല നിറമെ ന്റെ ഭൂമി
ആകാശഗോപുരത്താൽ നിറഞ്ഞതാണെന്റെ ഭൂമി
വൃക്ഷങ്ങളാൽ നിറഞ്ഞെന്റെ ഭൂമി
എത്ര സുന്ദരമെന്റെ ഭൂമി

അഫിസബഷീർ
*10 A*

# കടങ്കഥകൾ

1.അകം എല്ലം തോലും പുറം പൊന്തം പൊന്തം
2.അകത്തിരിപ്പോനെ പുറത്തുകാട്ടും കണ്ണാടി
3.അകത്തു രോമം പുറത്തിറച്ചി
4.അകത്തു തിരിയിട്ടു പുറത്തു മുട്ടയിട്ടു
5.അങ്ങേ വീട്ടിലെ മുത്തശ്ശിക്ക് ഇങ്ങേ വീട്ടിൽ മുറ്റമടി

## ഉത്തരം

1.വൈക്കോൽത്തുറു
2.മുഖം
3.മൂക്ക്
4.കുരുമുളക്
5.മുളയുടെ തലപ്പ്

റെന
9 E

കവിത

# പൊൻതാരകം

രാത്രിയിൽ പുഞ്ചിരിയോടെ തിളങ്ങുന്ന നക്ഷത്രമേ..
നിന്നെ കാണാൻ കൊതിച്ച് നിൽക്കുന്ന ഞാൻ
നിന്നെ കാണാൻ ചന്ദ്രനിലും ഭംഗി .....
നിന്നിലെ സൗന്ദര്യം കുറച്ച് എനിക്ക് തരൂ
നിന്റെ  ലോകത്ത് എത്രയധികം
നക്ഷത്രങ്ങളാണ്പുഞ്ചിരിയോടെതിളങ്ങുന്നത്...അതിലെ
ഒരംഗമാക്കുമോ നീ എന്നെയും...
രാത്രിയിലെ നീ പകൽ എവിടെയാണ്....
എനിക്കറിയാം പകലും നീയുണ്ടെന്ന്..
എങ്കിലും,സൂര്യന്റെ വെട്ടം
നിന്നെ മറച്ചുവോസുന്ദരീ......



നസ്ല സുൽത്താന

# സംഭാവന

ഒരു കൊച്ചു ബാലിക ഒരിക്കൽ ഗാന്ധിജിയുടെ കയ്യൊപ്പിനായിഅദ്ദേഹത്തെസമീപിച്ചു.ഒരൊപ്പിന് അഞ്ച് രൂപയാകും ബാപ്പൂജി ചിരിച്ച്കൊണ്ടു പറഞ്ഞു.സമരഫണ്ടിലേക്ക് സംഭാവനയായി. ഗാന്ധിജിക്ക് ഒരഞ്ചുരൂപ നോട്ട് കയ്യിൽ കരുതിയിരുന്നു.അതവൾ അദ്ദേഹത്തെ ഏൽപിച്ചു.

ഫാത്തിമ

9F



*കവിത*

# കുഞ്ഞുമണികളേ...

അനന്തമായ ആകാശത്ത്
അനേകായിരം താരങ്ങൾ
കണ്ണിനിമ്പമേകി മിന്നി-
തിളങ്ങുന്ന താരങ്ങളേ....

ഗാന ലോകത്തെ പുഞ്ചിരി
ളുകിനിൽക്കുന്ന കുഞ്ഞു
പുഷ്പങ്ങളേ.....

ചന്ദ്രനായി നിൽക്കുന്ന-
അമ്മയുടെ സന്താനങ്ങളായ
കുഞ്ഞു മണികളേ....

സഫ

9E

# THE FAMOUS AUTHOR

## RICHARD PHILLIPS FEYNMAN

(1918-1988)



was a famous American theoretical physicist. He was ranked one of the ten greastest scientists of the world. Feynman also became known through his semi-autobiographiocal books Surely you're joking, Mr. Feynman! and What Do You Care What Other People Think? He received the Nobel Prize for Physics in 1965.

Adithya P Shanil
9 F



# ആശംസ

ലിറ്റിൽകൈറ്റ്സ് എന്ന IT ക്ലബ്ബ് കുട്ടികളുടെ സങ്കേതികമായ ഉന്നമനത്തിന് സഹായിക്കുന്നു. പെൺകുട്ടികളിൽ സ്വയംപര്യാപ്തത കൈവരിക്കാനുള്ള ആദ്യപടിയാണിത്. ആധുനിക കാലഘട്ടത്തിൽ ഏറ്റവും ജോലിസാധ്യതയുള്ള മേഖലയാണ് ഇൻഫർമേഷൻ ടെക്നോളജി. അതിനേക്കുറിച്ച് സ്കൂൾജീവിതത്തിൽ പഠിപ്പിച്ചുകൊടുക്കുന്ന ലിറ്റിൽകൈറ്റ്സ് ധാരാളം ഉയർച്ചകളോടെ വളരുവാനും ഇത് പുതുതലമുറക്ക് പ്രചോദനം നൽകട്ടെ എന്നും ആശംസിക്കുന്നു.

ആര്യ കലാധരൻ
8 C



# പൂമ്പാറ്റ

## *കവിത*

പൂവിലുണ്ടൊരു പൂമ്പാറ്റ



വർണ്ണം നിറയും പൂമ്പാറ്റ

ഭംഗിയുള്ളൊരു പൂമ്പാറ്റ

കുഞ്ഞു കുഞ്ഞൊരു പൂമ്പാറ്റ

തേൻ നുകരുന്നൊരു പൂമ്പാറ്റ

പാറി നടക്കും പൂമ്പാറ്റ

പൂമ്പാറ്റ നല്ല പൂമ്പാറ്റ



സഹീദ

*8 D*

# അത്യാഗ്രഹം ആപത്ത്

*കഥ*

ഒരിടത്ത് വൃദ്ധദമ്പദിമാർ ജീവിച്ചിരുന്നു ഒപ്പം ഒരു കുയിലും പക്ഷെ വൃദ്ധക്ക് കുയിലിനെ ഇഷ്ടമല്ലായിരുന്നു. ഒരു ദിവസം കുയിലിനു വിശപ്പടക്കാതായപ്പോൾ മേശപ്പുറത്തുണ്ടായിരുന്ന അരി കഴിച്ചു. ഇതു കണ്ട വൃദ്ധ കോപത്തോടെ കുയിലിനെ പറത്തി വിട്ടു. പിറ്റേന്ന് തന്നെ വൃദ്ധൻ കുയിലിനെ തേടി കണ്ടു പിടിച്ചു. ജീവിതം മുഴുവൻ
കുയിലിനെ പരിപാലിച്ചതിനാൽ വൃദ്ധന് രണ്ട് പെട്ടികൾ കൊടുത്തു. അതിൽ ഒന്ന് തിരഞ്ഞെടുക്കാൻ പറഞ്ഞു. ഒരു പെട്ടി ചെറുതും മറ്റേത് വലുതുമായിരുന്നു. അതിൽ ചെറിയ പെട്ടി തിരഞ്ഞെടുത്തു. അതിൽ നിറയെ സമ്മാനമായിരുന്നു വലിയ പെട്ടി എടുക്കാത്തതിനാൽ വൃദ്ധ വൃദ്ധനെ വഴക്ക് പറഞ്ഞു എന്നിട്ട് വൃദ്ധ വലിയ പെട്ടി തിരഞ്ഞെടുത്തു. അതിൽ നിന്ന് വിചിത്ര രൂപങ്ങൾ
പുറത്ത് ചാടി . വൃദ്ധ ജീവനും കൊണ്ടോടി. അതിൽ പിന്നെ വൃദ്ധദമ്പദികൾ സ്നേഹത്തോടെ അത്യാഗ്രഹമില്ലാതെ ജീവിച്ചു.

മാനസ
8A



# മഴയും കൂട്ടുകാരും കവിത

ഊത്തടിക്കുന്നു അയ്യോ



ഊത്തടിക്കുന്നു.........
മഴയെ മഴയെ ഒന്നു
നിൽക്കു മഴയെ.......
ഓടിക്കളിക്കാൻ
വാ.........വാ..........
ഊത്തടിക്കാൻ വാ............വാ............
ചാടിക്കളിക്കാൻ വാ............വാ.............
ഊത്തടിക്കുന്നു..............................



അസ്ലിൻ

9F

# എന്റെ വിദ്യാലയ ഓർമ്മ

എന്നും ഓർമ്മകളിൽ ഓടിവരുന്ന അതിസുന്ദരമായ ഒരു കാലഘട്ടമായിരുന്നു എന്റെ സ്കൂൾ ജീവിതം.എന്റെ ഓർമ്മകളിൽ എന്നും സ്മരിക്കുന്ന ഒന്നാണത്.അതിനെ പറ്റി ഓർക്കുമ്പോൾ എന്റെ കുട്ടിക്കാലത്തേക്ക് മടങ്ങി പോകുകയാണെന്ന തോന്നൽ എന്നെ വല്ലാതെ സന്തോഷവതിയാക്കുന്നു.




സ്കൂൾ ജീവിതത്തിലെ ഓരോ സംഭവങ്ങളും കണ്ണിലെ കൃഷ്ണമണിപോലെ ഞാൻ മനസ്സിൽ ഓർത്തുവച്ചിട്ടുണ്ട്.ആ കോണിലേക്ക്ചെല്ലാൻഎനിക്കുംഎന്റെപ്രിയസുഹൃത്തുകൾക്കുംമാത്രമാണ്കഴിയുക.കാരണംസ്കൂൾ ജീവിതം എനിക്കും എന്റെ സുഹൃത്തുകൾക്കും മാത്രമുള്ളതാണ്.അത് ഇന്നും എന്നും.അന്ന് കൂട്ടുകാർ സ്കൂളിൽ കൊണ്ട് വന്ന മാങ്ങയുടെ രുചി ഇന്നും എന്റെ നാവിൻ തുമ്പിൽ ഒരു നറുഓർമ്മയായി അവശേഷിക്കുന്നു പിന്നെ കുട്ടീം കോലും,തൊങ്ങും കളിച്ചതൊന്നും ഇന്നും ഞാൻ ഓർക്കുന്നു . പിന്നെ മരിച്ചാലും മറക്കാത്ത ഒന്ന് എന്റെ പ്രിയപ്പെട്ട ഗുരുനാഥന്മാരാണ്.ഞാൻ ഇന്ന് വല്ല്യനിലയിൽ എത്താൻ കാരണം അവരാണ് . അവരുടെ അടിയുടെ വേദന ഇന്ന് ഓർക്കുമ്പോൾ ഒരു രസം തോന്നുന്നു....



Amina Mujeeb
10E

കവിത

# എന്റെ ഉമ്മ




ഞാൻ തേങ്ങുന്ന നേരത്ത്
എന്റെ കണ്ണൊന്നു നിറഞ്ഞാൽ
ഉമ്മയുടെ ഉള്ളം പിടക്കും
ഞാനാ ഉമ്മയുടെ മതിവരാത്ത
ദാഹമാണ്.
ഉമ്മതൻതലോടൽ
എന്റെ വിജയങ്ങൾ
ആ സ്ലഹത്തിൽ ഇളവെയിലേറ്റ്
പുഞ്ചിരിക്കും പുൽകോടിയാണ് ഞാൻ
സ്ലേഹം പകരുമെന്നമ്മ,
നീയൊരു പാവം മെഴുകുതിരി
ഉരുകിയുരുകിതിരുമൊരു
പാവം മെഴുകുതിരി



തസ്ലി ബീരാസ് 9F

# കുടമലയാളം


കാൽക്കുട
കാലൻ കുട
മറക്കുട
വട്ടക്കുട
ആറാട്ടുകുട
ആചാരക്കുട
തൊപ്പിക്കുട
തലക്കുട
വീശിൽക്കുട
വലക്കുട

**നയന**

# രാത്രിയുടെ മിഴികൾ

*കവിത*



രാത്രിയുടെ നിഴലിൽ ഞാൻ
ഒരു നിലാവ്വ പോൽ
ഇളം കാറ്റിനിടയിൽ
വെള്ളിനക്ഷത്രമായി അങ്ങനെ

രാവിന്റെ ശോഭയിൽ
നിലാവ്വ പോൽ
വാൽനക്ഷത്രമായി
മാറുമീ നിൻ മിഴികൾ
കാറ്റിൽ അലിയുമൊരു
പൊൻവിളക്കായി അങ്ങനെ

കുരിരുട്ടിൽ തിളങ്ങുന്ന
നിന്റെ കണ്ണുകൾ
ഒരു വെള്ളിനക്ഷത്രമായി അങ്ങനെ

ഫാത്തിമ തസ്ലീം
10 A

# മഴ

തുള്ളിയായ് പെയ്തിറങ്ങും
കുളിർത്തെന്നലായി വഴതി വരും
എൻ അകതാരിൻ വേദന
അകറ്റും നിൻ ശബ്ദങ്ങൾ
നിൻ സ്പർശം എന്നിൽ
കുളിർ കാറ്റാകുന്നു
നിൻ മൗനം എന്നിൽ ഉണർവ്വേകുന്നു



ഹഫ്ന അലി
10 A

# താരകം

താരക സുന്ദരി
രാത്രി വന്നെത്തുന്ന നേരത്തു നീ
വന്നു മിന്നുന്ന നീയെന്റെ താരക സുന്ദരി
ഭൂമിയിൽ പൂക്കൾ വിടരുന്ന പോലെയാ
മാനത്തു നീ വന്നു പാറുന്നിടക്കിടെ
നിന്നെക്കുറിച്ചു ഞാൻ പാടാൻ തുടങ്ങുമ്പോൾ
മുത്തായ് പൊഴിയുന്ന വാക്കുകൾ ഭംഗികൾ
നിന്നുടെ മിന്നുമാ മഞ്ഞ വെളിച്ചമെൻ
കൺകുളിർക്കുന്ന സുന്ദര കാഴ്ചയായ്




**അഞ്ജു ബാബു**
***10***

# മഴ





**_ANHA_**
**_8F_**


# THOUGHTS


Be careful what you say.
You can say something
hurtful in ten seconds,
but ten years later,
the wounds are still there.


Working for success
will make you a Master;
But
Working for satisfaction
will make you a Legend.


No one notices your
Tears
No one notices your
Sadness
No one notices your
Pains
But they all notice your
Mistakes.


One best book
Is equal to
Hundred good friends
But
One good friend is
Equal to a library....


END is not the END;
In fact,E.N.D. means
Effort Never Dies
Dr.APJ Abdul Kalam

***ADILA***
***9 F***

# വിദ്യാലയം




വിദ്യാലയം എന്റെ വിദ്യാലയം
സുന്ദരമാമെന്റെ വിദ്യാലയം
പാഠവും പഠനവും കളിയും
ചിരിയും
ചേർന്നൊരു സുന്ദര വിദ്യാലയം
പൂക്കളും ചെടികളും അധ്യാപകരും
ചേർന്നൊരു സുന്ദര വിദ്യാലയം
വിദ്യാലയം എന്റെ വിദ്യാലയം
സുന്ദരമാമെന്റെ വിദ്യാലയം



സമീറ
8D

# ദശപുഷ്പങ്ങൾ

പൂവാംകുരുന്നില

മുയൽച്ചെവിയൻ

കറുക

നിലപ്പന

കൈതോന്നി

വിഷ്ണുക്രാന്തി

ചെറൂള

തിരുതാളി

ഉഴിഞ്ഞ

മുക്കുറ്റി

ഐശ്വര്യ

# ONV KURUP



*Ottaplakkal Neelakandan Velu Kurup (27 May 1931 – 13 February 2016), popularly known as O. N. V. Kurup or simply and endearingly O. N. V., was a renowned Malayalam poet and lyricist from Kerala, India, who won the Jnanpith Award, the highest literary award in India for the year 2007. He received the awards Padma Shri in 1998 and Padma Vibhushan in 2011, the fourth and second highest civilian honours from the Government of India. In 2007 he was awarded an Honorary Doctorate by University of Kerala, Trivandrum. O. N. V. is known for his leftist leaning. He was the Left Democratic Front (LDF) candidate in the Thiruvananthapuram constituency for the Lok Sabha elections in 1989. He died on 13 February 2016.*



*Shaheena.N.*
*9 F*

# മാധവിക്കുട്ടി

## (കമലാദാസ്,കമലാസുരയ്യ)(1934-2009)



1934 മാർച്ച് 31-ന് നാലപ്പാട്ട് ബാലാമണിയമ്മയുടെയും വി.എം.നായരുടെയും മകളായി ജനിച്ചു. ശരിയായ നാമം കമലാദാസ്.പിന്നീട് സുരയ്യ എന്ന് പേര്.1969-ൽ കേരള സാഹിത്യ അക്കാദമിയുടെ ചെറുകഥയ്ക്കുള്ള അവാർഡ്,1997-ലെ വയലാർ അവാർഡ്,2002-ൽ എഴുത്തച്ഛൻ പുരസ്കാരം തുടങ്ങി മലയാളത്തിലും ഇംഗ്ലീഷിലും ധാരാളം പുരസ്കാരങ്ങൾ നേടി.മതിലുകൾ,നരിച്ചീറുകൾ പറക്കുമ്പോൾ,തരിശുനിലം,അരുണ,പക്ഷിയുടെ മണം, ചുവന്ന പാവാട,എന്റെ സ്നേഹിത,മാനസി,മാധവിക്കുട്ടിയുടെ തിരഞ്ഞെടുത്ത കഥകൾ,ചന്ദനമരങ്ങൾ,ചേക്കേറുന്ന പക്ഷികൾ,മാധവിക്കുട്ടിയുടെ മൂന്നു നോവലുകൾ തുടങ്ങിയ കൃതികൾ മലയാളത്തിലും സമ്മർ ഇൻ കൽക്കട്ട, ഓൾഡ് പ്ലേഹൗസ്,കളക്ടഡ് പോയംസ് തുടങ്ങിയ ഇംഗ്ലീഷ് കവിതാസമാഹാരങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.2009 മേയ് 31-ന് നിര്യാതരായി....

ആദില
*9 F*

# सोच

सपना वह नहीं जो
आप नींद में देखते हैं
यह तो एक ऐसी चीज हैं जो
आपको नींद ही नही आने देती!!

हरिषमा
*9 F*



# ശാസ്ത്ര ക്വിസ്

1. കുഞ്ഞു ആണോ , പെണ്ണോ എന്ന് നിശ്ചയിക്കുന്നത് ആരുടെ ക്രോമസോമാണ് ?
2. ലോകത്തിൽ ഏറ്റവും കൂടുതൽ ആളുകൾക്കുള്ള രക്തഗ്രൂപ്പ് ?
3. വേദനയില്ലാത്ത അവസ്ഥ ?
4. ഉറക്കമില്ലാത്ത അവസ്ഥ ?
5. ഒച്ചിന് എത്ര കാലുകളുണ്ട് ?

# ഉത്തരം

1. പിതാവിന്റെ
2. ഒ പോസറ്റീവ്
3. അനാൽജെസിയ
4. ഇൻസൊമാനിയ
5. ഒന്ന്

തസ്നി ബീരാസ്
***9 F***

# സമയവും അളവും

| | | | |
|---|---|---|---|
| 1 | നാഴിക | = | 24 മനിറ്റ് |
| 1/2 | നാഴിക | = | 1 മണിക്കൂർ |
| 1 | വിനാഴിക | = | 24 സെക്കൻറ് |
| 1 | യാമം | = | 3 മണിക്കൂർൻ |
| 1 | സെൻറ് | = | 40.47 ച.മീ |
| 100 | സെൻറ് | = | 1 ഏക്കർ |
| 100 | ച.മീ | = | 1 ആർ.0.25 ഏക്കർ |
| 100 | ആർ | = | ഹെക്ടർ |
| 1000 | kg | = | 1 ടൺ |
| 1 | നാഴി | = | 250 ഗ്രം |
| 4 | നാഴി | = | 1 ഇടനാഴി |
| 10 | ഇടനാഴി | = | 1 പറ |









രഹന ജലാൽ
9 C





# നന്ദി

പെരുമ്പാവൂർ ഗവ.ഗേൾസ് ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ കൂട്ടായ്മയുടെ ഫലമാണ് ഡബിൾ ക്ലിക്ക് എന്ന ഇ മാഗസിൻ പഠനത്തിരക്കും സമയക്കുറവും സാരമായി ബാധിച്ചിട്ടുള്ള ഈ സൃഷ്ടികളിൽ തെറ്റുകൾ സാധാരണം മാത്രം. ഏതാണ്ടെല്ലാ സൃഷ്ടികളിലും തനിമ നിലനിർത്തിയിട്ടുണ്ടെന്ന് പറയാം വിചാരിച്ച പോലെ മോടിയാക്കാൻ സാധിച്ചിട്ടില്ലെങ്കിലും കുട്ടികളുടെ ശ്രമത്തെ ഞാൻ അഭിനന്ദിക്കുന്നു അവരുടെ സർഗ്ഗവാസന സോപാനത്തിലേറട്ടേ എന്നാശംസിക്കുന്നു. വിവര സാങ്കേതിക വിദ്യയുടെ കൊടുമുടികൾ കീഴടക്കാൻ അവർക്കാകട്ടെ, ഇതിന്റെ അണിയറയിൽ പ്രവർത്തിച്ച എല്ലാ കൂട്ടുകാർക്കും സഹപ്രവർത്തകർക്കും എന്റെ സ്നേഹോഷ്മളമായ നന്ദി രേഖപ്പെടുത്തുന്നു

എന്ന് കൈറ്റ് മിസ്ട്രസ്
അനിത ജീ

# നന്ദി

